പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*258 — 10.12.2018-ൽ മറുപടിക്ക്

## റോഡ് നിർമ്മാണത്തിനായുള്ള അസംസ്കൃത വസ്തുക്കളുടെ ക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>,, വി.ഡി.സതീശൻ<br>,, വി.ടി.ബൽറാം | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിനായുള്ള അസംസ്കൃത വസ്തുക്കളുടെ രൂക്ഷമായ ക്ഷാമം അനുഭവപ്പെടുന്നുണ്ടോ; | (എ) | റോഡ് നിർമ്മാണത്തിനായുള്ള അസംസ്കൃത വസ്തുക്കളുടെ ക്ഷാമം അനുഭവപ്പെടുന്നുണ്ട്. |
| (ബി) | ഇത് മൂലം സംസ്ഥാനത്തെ റോഡ് പണികൾ സ്തംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (ബി) | റോഡ് നിർമ്മാണത്തിനായുള്ള അസംസ്കൃത വസ്തുക്കളുടെ ക്ഷാമം മൂലം റോഡ് പണികൾ സ്തംഭിച്ചിട്ടില്ലെങ്കിലും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിൽ ഇത് മൂലം കാലതാമസം നേരിടുന്നുണ്ട്. പല പ്രവൃത്തികളും റീ ടെണ്ടർ ചെയ്യേണ്ട സാഹചര്യവും ഉണ്ടാകുന്നുണ്ട്. റോഡ് നിർമ്മാണത്തിന് ആവശ്യമായ ഗ്രാവൽ, മെറ്റൽ, മണൽ എന്നിവയുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൂടുതൽ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുവാനായി തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും റോഡ് നിർമ്മാണത്തിനാവശ്യമായ മെറ്റീരിയൽസ് നികുതി ഇളവ് വരുത്തി അനുമതി നൽകാമെന്നും തീരുമാനമായിട്ടുണ്ട്. കൂടാതെ മറ്റ് രാജ്യങ്ങളിൽ നിന്നും അസംസ്കൃത വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ച് പരിശോധിച്ചു വരികയാണ്. |
| (സി) | ടാറിന്റെ ലഭ്യതക്കുറവും അമിതമായ വിലയും കാരണം റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണോ; | (സി) | ടാറിന്റെ ലഭ്യതക്കുറവും അമിതമായ വിലയും കാരണം റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭിച്ചിട്ടില്ല. ബിറ്റുമിൻ നിരക്ക് അധികരിച്ചതിനു ശേഷം അതിന് മുമ്പെയുള്ള പ്രവൃത്തികൾ ഏറ്റെടുത്ത ചില കരാറുകാർക്കു പ്രയാസം നേരിട്ടിരുന്ന- |

| | |
|---|---|
| | തായി അറിയിച്ചിരുന്നു. സ.ഉ (സാധാ) നം.9386/2018/ഫിൻ തീയതി 13/11/2018 പ്രകാരം ടെണ്ടർ ക്ലോസ് ചെയ്യുന്ന തീയതിയും ഇൻവോയിസ് തീയതിയും തമ്മിൽ ബിറ്റുമിന്റെ വിലയിലുള്ള വ്യത്യാസം നൽകാമെന്ന ഉത്തരവ് നൽകിയിട്ടുള്ളതിനാൽ പ്രസ്തുത വിഷയം പരിഹരിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം മൂലം കരാറുകാർ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിട്ടില്ല. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയെ നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം ബാധിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത സാഹചര്യത്തിൽ ടെൻഡറുകളിൽ നിന്നും കരാറുകാർ വിട്ടുനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ചില മേഖലകളിലെ ടെണ്ടറുകളിൽ നിന്നും കരാറുകാർ വിട്ടു നിന്നിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർ നിർമ്മാണത്തിന് പ്രസ്തുത കാരണങ്ങൾ വിഘാതം സൃഷ്ടിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഇ) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർ നിർമ്മാണത്തിന് പ്രസ്തുത കാരണങ്ങൾ മൊത്തത്തിൽ തടസ്സം സൃഷ്ടിച്ചിട്ടില്ല. എന്നാൽ ഇടുക്കി, എറണാകുളം, വയനാട് എന്നീ ജില്ലകളിലെ പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്, പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിന് അസംസ്കൃത വസ്തുക്കളുടെ ക്ഷാമം പ്രവർത്തന പുരോഗതിയെ ബാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ